LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി വിതരണ മേഖലയിലെ കരാർ പണികൾ

28 [346] ശ്രീ. യു. സി. രാമൻ:
„ കെ. എൻ. എ. ഖാദർ:
„ ടി. പി. എം. സാഹിർ:
„ പി. കെ. അബ്ദുറബ്ബ്:
„ സീ. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ മേഖലയിൽ ഓരോ ഡിവിഷനിലും കരാർ പണികൾക്കായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും എന്തു തുക നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ ഏതു ഡിവിഷനിലേയ്ക്ക് കൂടുതൽ തുക ചെലവാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) പാലക്കാട് ഡിവിഷൻ.

ഭൂഗർഭ വൈദ്യുതി ലൈൻ

29 [347] ശ്രീ. റോഷി അഗസ്റ്റിൻ:
„ തോമസ് ചാഴികാടൻ:
„ കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ, എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) എത്ര കോടി രൂപയാണ് ഈ പദ്ധതിക്ക് വകയിരുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ചുള്ള നടപടി ഏതു ഘട്ടം വരെയായി എന്നറിയിക്കാമോ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് നടപ്പാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഊർജ്ജിത ഊർജ്ജ വികസന പദ്ധതിയുടെ ഠൗൺ സ്കീമിന്റെ (എ.പി.ഡി.ആർ.പി.) ഭാഗമായി 7 ടൗണുകളിലായി 126.05 കി.മീ. 11 കെ.വി. കേബിൾ ഇടുവാനുള്ള ജോലികൾ ചെയ്തുവരുന്നു. കൂടാതെ 26 പട്ടണങ്ങളിലായി 68 കി.മീ. ഭൂഗർഭ കേബിൾ ഇടുവാനുള്ള പദ്ധതിയും ഉണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.